# ദുബായിലെ ജബൽ അലിയിൽ ഭാരത് മാർട്ടിന് തറക്കല്ലിട്ടു

ഫെബ്രുവരി 14, 2024

ദുബായിലെ സ്വതന്ത്ര വ്യാപാര മേഖലയിൽ ഡിപി വേൾഡ് നിർമ്മിക്കുന്ന ഭാരത് മാർട്ടിന് 2024 ഫെബ്രുവരി 14-ന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയും യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഷെയ്ക്ക് മുഹമ്മദ് ബിൻ റാഷിദ് അൽ മുക്തോമും ചേർന്ന് വെർച്വലായി തറക്കല്ലിട്ടു.

2. ജബൽ അലി തുറമുഖത്തിന്റെ തന്ത്രപ്രധാനമായ സ്ഥാനവും ലോജിസ്റ്റിക്സിലെ കരുത്തും പ്രയോജനപ്പെടുത്തിക്കൊണ്ട് ഇന്ത്യ-യുഎഇ ഉഭയകക്ഷി വ്യാപാരത്തെ ഭാരത് മാർട്ട് മുന്നോട്ട് നയിക്കുമെന്ന് ഇരു നേതാക്കളും ആത്മവിശ്വാസം പ്രകടിപ്പിച്ചു. ഗൾഫ്, പശ്ചിമേഷ്യ, ആഫ്രിക്ക, യുറേഷ്യ എന്നിവിടങ്ങളിലെ അന്താരാഷ്ട്ര ഉപഭോക്താക്കളിലേക്ക് എത്തിച്ചേരാൻ ഫലപ്രദമായ ഒരു പ്ലാറ്റ്ഫോം നൽകിക്കൊണ്ട്, ഇന്ത്യയുടെ സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലകളിലെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കാൻ ഭാരത് മാർട്ടിന് കഴിവുള്ളതായി പ്രധാനമന്ത്രി പറഞ്ഞു. .

**ദുബായ്**
**ഫെബ്രുവരി 14, 2024**